# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗ, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. ശ്രീ. എൻ. പത്മകുമാർ.ഐ.എ.എസ്.)*

എൽ.ആർ.എൻ1/300/2018 **തീയതി 17-03-2018**

വിഷയം : റവന്യൂ വകുപ്പ് - ചെയിൻ സർവ്വെ/ഹയർ സർവ്വെ പരിശീലനം- പരിശീലന പരിപാടിയുടെ പരീക്ഷാ തീയതി ക്രമീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :
1. ഈ കാര്യാലയത്തിലെ 21/02/2018, 28/02/2018 എന്നീ തീയതികളിലെ എൽ.ആർ.(എൻ.1) 300/2018 നമ്പർ നടപടി ക്രമങ്ങൾ.
2. ഈ കാര്യാലയത്തിലെ 25/01/2018, 31/01/2018 എന്നീ തീയതികളിലെ എൽ.ആർ.(എൻ.1) 400/2018 നമ്പർ നടപടിക്രമങ്ങൾ.
3. സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ 14/03/2018 ലെ ഡിഎസ്എൽആർ/1617/2018/ഇ4 നമ്പർ കത്ത്

സൂചന (1) ലെ നടപടിക്രമങ്ങൾ പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കേന്ദ്രങ്ങളിൽ 01/03/2018 മുതൽ 31/03/2018 വരെ ചെയിൻ സർവ്വെ പരിശീലനം നടത്തുവാൻ ഉത്തരവായിരുന്നു.

സൂചന (2) ലെ നടപടിക്രമങ്ങൾ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ 01/02/2018 മുതൽ 31/03/2018 വരെ ഹയർ സർവ്വെ പരിശീലനം നടത്തുവാൻ ഉത്തരവായിരുന്നു.

മേൽ പ്രസ്താവിച്ച പരീശീലനങ്ങളുടെ പരീക്ഷാ തീയതി 02/04/2018 , 03/04/2018 എന്നീ തീയതികളിലേക്ക് മാറ്റി വയ്ക്കണമെന്ന് സൂചന (3) പ്രകാരം സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട് .

മേൽ സാഹചര്യം വിശദമായി പരിശോധിച്ചു. 29/03/2018, 30/03/2018 എന്നിവ പൊതു അവധി ദിനങ്ങളായതിനാൽ നിലവിൽ നടന്നുവരുന്ന ചെയിൻ സർവ്വെ / ഹയർ സർവ്വെ പരിശീലനങ്ങളുടെ കാലാവധി രണ്ടു ദിവസംകൂടി ദീർഘിപ്പിക്കുന്നത് ഉചിതമായി കാണുന്നു. ആയതിനാൽ ചെയിൻ സർവ്വെ / ഹയർ സർവ്വെ പരിശീലനങ്ങളുടെ പരീക്ഷ 02/04/2018 , 03/04/2018 എന്നീ തീയതികളിൽ നടത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു. 2018 ഏപ്രിൽ മാസം 2-ാം തീയതി ആരംഭിക്കുന്ന ചെയിൻ സർവ്വെ/ ഹയർ സർവ്വെ പരിശീലന പരിപാടികളുടെ നടത്തിപ്പിനെ ബാധിക്കാത്ത രീതിയിൽ പരീക്ഷ നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നടന്നു വരുന്ന സർവെ പരിശീലനങ്ങളുടെ , എഴുത്തു പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവ യഥാക്രമം 02/04/2018 , 03/04/2018 എന്നീ തീയതികളിൽ പൂർത്തീകരിച്ച് ഉദ്യോഗസ്ഥൻമാരെ 03/04/2018 ന് വൈകുന്നേരം 5 മണിക്ക് വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)

ജോയിന്റ് കമ്മീഷണർ

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ/ എൽ.ആർ.എൻ1/400/2018 നമ്പർ ഫയലിലേക്ക്

അംഗീകാരത്തോടെ,

സൂപ്രണ്ട്